# വ്യവസായ കേരളം

80

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 MARCH 2025


# 'വിവിധതാ കാ അമൃത്' മഹോത്സവിൽ അഭിമാനമായി കേരളം

രാജ്യത്തിന്റെ വൈവിധ്യങ്ങൾ അണിനിരത്തി രാഷ്ട്രപതിഭവനിൽ സംഘടിപ്പിച്ച 'വിവിധതാ കാ അമൃത് മഹോത്സവി'ൽ തനിമയുടെയും പാരമ്പര്യത്തിന്റെയും അഭിമാനം വിളിച്ചോതി കേരളം. 2025 മാർച്ച് 05 ന് ബഹു. രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്ത 'വിവിധതാ കാ അമൃത് മഹോത്സവി'ൽ കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ പങ്കെടുത്തു.

500 - ഓളം കരകൗശലവിദഗ്ധരും നെയ്ത്തുകാരും പരമ്പരാഗത കരകൗശല ഉത്പന്നങ്ങളും കൈത്തറി ഉത്പന്നങ്ങളും അണിനിരന്ന മഹോത്സവിൽ കേരളത്തിന്റെ 40 സ്റ്റാളുകൾ ഇടം പിടിച്ചിരുന്നു. ബഹു. രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു കേരള സ്റ്റാളുകൾ സന്ദർശിക്കുകയും നിരവധി ഉത്പന്നങ്ങളിൽ ആകൃഷ്ടയായി ഉത്പന്ന നിർമാണ രീതികളെപ്പറ്റി കലാകാരന്മാരുമായി ആശയ വിനിമയം നടത്തുകയും ചെയ്തു. മഹോത്സവിന്റെ രണ്ടാംപതിപ്പാണിത്. ആദ്യപതിപ്പിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ സാംസ്കാരിക പരിപാടികളായിരുന്നു സംഘടിപ്പിച്ചത്. കേരളം, തമിഴ്നാട്, തെലങ്കാന, കർണാടകം, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളായ ലക്ഷദ്വീപിലെയും പുതുച്ചേരിയിലെയും കലാരൂപങ്ങളും ഭക്ഷണ വിഭവങ്ങളുമാണ് ഈ വർഷം മഹോത്സവിൽ അണിനിരന്നത്.



പ്രസ്തുത പരിപാടിയോടനുബന്ധമായുള്ള സാംസ്കാരികോത്സവത്തിൽ കേരളത്തിന്റെ തെയ്യം, മോഹിനിയാട്ടം, കളിയാട്ടം എന്നിവയും അവതരിപ്പിച്ചു. തെക്കൻ സംസ്ഥാനങ്ങളുടെ രുചിഭേദങ്ങൾ അണിനിരത്തി ഭക്ഷണ വിഭവങ്ങളും ഒരുക്കിയിരുന്നു. കേരളസദ്യയുമുണ്ടായിരുന്നു. 2025 മാർച്ച് ഒൻപതു വരെ നാല് ദിവസങ്ങളിലായി സംഘടിപ്പിച്ച മഹോത്സവിൽ രാവിലെ 10 മുതൽ രാത്രി എട്ടുവരെ പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമായിരുന്നു.

# ആഹാറിൽ വെള്ളിത്തിളക്കവുമായി കേരള പവലിയൻ

## ഏഷ്യയിലെ ഏറ്റവും വലിയ ഫുഡ് ആൻഡ് ഹോസ്പിറ്റാലിറ്റി മേളകളിൽ ഒന്നായ ആഹാറിൽ കേരളത്തിന് അഭിമാന നേട്ടം

ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ (ITPO) സംഘടിപ്പിച്ച ആഹാർ 2025 ട്രെയിഡ് ഫെയറിൽ ഗവണ്മെന്റ് സെക്ടറിലെ മികച്ച പവലിയനുള്ള സിൽവർ മെഡൽ പുരസ്കാരം കേരള വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യുറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ സ്വന്തമാക്കി.

ഏഷ്യയിലെ ഏറ്റവും വലിയ ഫുഡ് ആൻഡ് ഹോസ്പിറ്റാലിറ്റി മേളകളിൽ ഒന്നായ ആഹാർ ന്റെ 39 ആമത് എഡിഷനാണ് ന്യൂ ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ 2025 മാർച്ച് 04 മുതൽ 08 വരെ സംഘടിപ്പിച്ചത്. കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയത്തിന് കീഴിലെ ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ (ITPO) സംഘടിപ്പിച്ച മേളയിൽ ദേശീയ അന്തർദേശീയ തലങ്ങളിൽ നിന്നായി 1500 ലധികം വ്യാപാരികളാണ് പങ്കെടുത്തത്. അമേരിക്ക, ഓസ്ട്രേലിയ, ബ്രസീൽ, സ്വീഡൻ, സൗത്ത് കൊറിയ, റഷ്യ തുടങ്ങിയ വിവിധ രാജ്യങ്ങളിൽ നിന്നുള്ള സംരംഭകരും മേളയിൽ പങ്കെടുത്തിരുന്നു.








കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യുറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ് (കെബിപ്പ്) പവലിയൻ ഏകോപിപ്പിച്ചത്. കേരളത്തിൽ നിന്നുമുള്ള 14 ഭക്ഷ്യ സംസ്കരണ യൂണിറ്റുകളാണ് മേളയിൽ പങ്കെടുത്തത്. 1 ലക്ഷം സ്ക്വയർ മീറ്റർ ചുറ്റളവിൽ സംഘടിപ്പിച്ച മേളയുടെ പ്രധാന ആകർഷണങ്ങളിൽ ഒന്ന് കേരള പവലിയൻ ആയിരുന്നു. ദിവസവും ഏകദേശം 10,000 ത്തിലധികം ബിസിനസ്സ് സന്ദർശകർ പങ്കെടുത്ത മേളയിൽ സംഘടനാ മികവ് കൊണ്ടും ഉൽപ്പന്ന വൈവിധ്യം കൊണ്ടും കേരള പവലിയൻ പ്രശംസ പിടിച്ചുപറ്റി.

മികച്ച ഭക്ഷ്യ സംസ്കരണ ഉൽപ്പന്ന പ്രദർശനത്തിന് വഴിയൊരുക്കുക, വിപണി പ്രവണതകൾ വിലയിരുത്തുക, ഹോസ്പിറ്റാലിറ്റി മേഖലയുടെ സാധ്യതകൾ അനാവരണം ചെയ്യുക, സാങ്കേതികവിദ്യകളും ഉൽപ്പന്നങ്ങളും സേവനങ്ങളും പരിചയപ്പെടുത്തുക എന്നിവയായിരുന്നു നാല് ദിവസമായി സംഘടിപ്പിച്ച B2B ഇവന്റായ ആഹാർ - ന്റെ പ്രധാന ലക്ഷ്യങ്ങൾ.

# ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025

# നിക്ഷേപവാഗ്ദാനങ്ങൾ നിക്ഷേപങ്ങളാക്കാൻ

### വകുപ്പ് മന്ത്രിമാരുടെ അവലോകനയോഗം

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ലഭിച്ച നിക്ഷേപവാഗ്ദാനങ്ങൾ നിക്ഷേപങ്ങളാക്കിമാറ്റുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ 2025 മാർച്ച് 14ന് അവലോകന യോഗം നടന്നു. പത്ത് വകുപ്പ് മന്ത്രിമാരും സെക്രട്ടറിമാരും പങ്കെടുത്ത യോഗത്തിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ വന്ന നിർദ്ദേശങ്ങളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ചുള്ള ചർച്ചകൾക്കായിരുന്നു മുൻഗണന. 2025 മാർച്ച് 14 ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ഓഫീസ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് സന്നിഹിതനായിരുന്നു.

### വിവിധ സംഘടനകളുമായി ആശയവിനിമയം

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റുമായി സഹകരിച്ച വിവിധ സംഘടനകൾ, സെക്ടർ മീറ്റിംങ്ങുകൾ/ കോൺക്ലേവുകൾ / റോഡ്ഷോ തുടങ്ങിയവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രതിനിധികൾ, KSIDC ബോർഡ് മെമ്പർമാർ എന്നിവരുമായി ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ആശയവിനിമയം നടത്തി. 2025 മാർച്ച് 3 ന് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നടന്ന യോഗത്തിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് സന്നിഹിതനായിരുന്നു.

### ഒറ്റക്കെട്ടായി മുന്നോട്ട്

2025 ഫെബ്രുവരി 21, 22 തീയതികളിലായി കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമത്തിലെ തീരുമാനങ്ങളും ധാരണകളും സമയബന്ധിതമായി നടപ്പാക്കുന്നതിനും നിക്ഷേപതാൽപര്യങ്ങളെ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുള്ള






ശ്രമങ്ങൾ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചു നടപ്പാക്കി വരികയാണ്. ഇതിനായി ഉദ്യോഗസ്ഥ തലത്തിൽ വ്യക്തമായ ഘടനയുള്ള സംവിധാനത്തിന് വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

മാസത്തിലൊരിക്കൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിന്റെ അധ്യക്ഷതയിലും രണ്ടാഴ്ചയിലൊരിക്കൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി. എം.

INVEST KERALA GLOBAL SUMMIT



മുഹമ്മദ് ഹനീഷ് ഐ.എ.എസിന്റെ നേതൃത്വത്തിലും പദ്ധതികൾ വിലയിരുത്തും. അനുമതികൾ വേഗത്തിലാക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സെക്രട്ടറിതല സമിതിയും രൂപീകരിക്കും.

50 കോടി രൂപയ്ക്കു താഴെയുള്ള നിക്ഷേപങ്ങൾ വ്യവസായ, വാണിജ്യ ഡയറക്ടർ ശ്രീ. മിർ മുഹമ്മദ് അലി ഐ.എ.എസിന്റെ നേതൃത്വത്തിൽ പ്രത്യേക സംഘം പരിശോധിക്കും. 50 കോടി രൂപയ്ക്കു മുകളിലുള്ള സംരംഭങ്ങളുടെ താൽപര്യപത്രങ്ങളെ ഏഴ് വിഭാഗങ്ങളായി തിരിക്കും. മാനേജർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ ചുമതലയിൽ ഏഴ് സംഘങ്ങൾക്ക് രൂപം നൽകും. അതിന്റെ നോഡൽ ഓഫീസർ കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ആർ ഹരികൃഷ്ണനാണ്. ഓരോ മേഖലയിലെയും പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾക്ക് ഏഴംഗ സംഘത്തിനു പുറമെ അതത് മേഖലയിലെ വിദഗ്ധരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കയർ, കൈത്തറി, കശുവണ്ടി മേഖലകളുടെ വെല്ലുവിളികൾ അതിജീവിക്കാൻ കോൺക്ലേവ്

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി മേഖലകളുടെ നിലവിലുള്ള വെല്ലുവിളികളെ മറികടന്ന് നവീകരണവും ആധുനികരണവും ലക്ഷ്യമിട്ട് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് കോൺക്ലേവ് സംഘടിപ്പിക്കുന്നു. മൂന്ന് മേഖലകളിലും ഭാവി വികസനമാണ് കോൺക്ലേവിന്റെ ലക്ഷ്യം.

ആദ്യഘട്ടത്തിൽ കയർ കോൺക്ലേവ് ആലപ്പുഴയിലും, കശുവണ്ടി മേഖലയുടെ കോൺക്ലേവ് കൊല്ലത്തും കൈത്തറി കോൺക്ലേവ് കണ്ണൂരിലും നടക്കും. ഇതിനു ശേഷം മൂന്ന് മേഖലകളുടേയും സംയുക്ത കോൺക്ലേവ് 2025 ഏപ്രിൽ അവസാനവാരം ആലപ്പുഴയിൽ നടക്കും. പരമ്പരാഗത മേഖലയുടെ വെല്ലുവിളികൾ അതിജീവിക്കാനുള്ള പദ്ധതികൾക്ക് കോൺക്ലേവ് രൂപം നൽകും. സർക്കാർ ഈ മേഖലകൾക്കായി നിയോഗിച്ച വിദഗ്ധ സമിതി ശുപാർശകളുടെ അടിസ്ഥാനത്തിൽ തുടർ പരിപാടികൾ ആവിഷ്കരിക്കും.

മൂന്ന് മേഖലകളിലേയും വിദഗ്ധർ, ഉദ്യോഗസ്ഥർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി ഉൾ




പ്പെടെയുള്ള പ്രധാന സ്ഥാപനങ്ങൾ, വ്യവസായികൾ, കയറ്റുമതിക്കാർ, ട്രേഡ് യൂണിയനുകൾ, വിജയകരമായ അനുഭവങ്ങൾ പങ്കു വക്കുന്ന സംരംഭകർ, ഗവേഷണ സ്ഥാപനങ്ങൾ വിപണന - ഓൺലൈൻ വിൽപന സ്ഥാപനങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ കോൺക്ലേവിൽ പങ്കെടുക്കും.

## ഒരു സംരംഭകൻ പിറന്ന കഥ

PMFME




സംരംഭക വർഷം 3.0 പദ്ധതിയുടെ ഭാഗമായി പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി (പി.എം.എഫ്.എം.ഇ.) തൃശൂർ ജില്ലയിലെ മറ്റത്തൂർ പഞ്ചായത്തിൽ, വ്യവസായ വകുപ്പിന്റെയും കാനറാ ബാങ്ക്, മറ്റത്തൂർ ശാഖയുടെയും സഹകരണത്തോടെ ശ്രീ. ഷാജു ലാസർ എന്ന സംരംഭകന്റെ ഉടമസ്ഥതയിൽ A S Flour Mill എന്ന സ്ഥാപനം 2025 മാർച്ച് 10ന് പ്രവർത്തനം ആരംഭിച്ചു. മറ്റത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. അശ്വതി ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ വാർഡ് മെമ്പർ ശ്രീമതി.ഷൈനി ബാബു ആശംസകൾ നേർന്നു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.